# വിശ്വാസത്തിലെ ശാസ്ത്രവും, ശാസ്ത്രത്തിലെ വിശ്വാസവും

ബശീർ സലഫി, പുളപ്പൊയിൽ

വിശ്വാസങ്ങളാണ് മതത്തിന്റെ അടിസ്ഥാനം. വിശ്വാസകാര്യങ്ങളാകട്ടെ ശാസ്ത്രവിജ്ഞാനങ്ങൾക്കതീതമാണ്. ശാസ്ത്രം അനുഭവജ്ഞാനമായതിനാൽ ശാസ്ത്രീയ വിഷയങ്ങളിൽ വിശ്വാസത്തിന് ഒരു പ്രസക്തിയുമില്ല. വിശ്വാസം ശാസ്ത്രമല്ല, ശാസ്ത്രം വിശ്വാസവുമല്ല. എന്നാൽ ശരിയായ ശാസ്ത്രബോധം വിശ്വാസത്തെ ബലപ്പെടുത്തുന്നുണ്ട്. മതത്തിന്റെ മൗലീകാടിത്തറയായ വിശ്വാസത്തിലേക്ക് മനുഷ്യന്റെ വിചാരത്തെ എത്തിക്കുന്നതിന് അവന്റെ ധിഷണാശേഷിയെ തട്ടിയുണർത്തുകയും അനുവഭജ്ഞാനമേഖലയെ ഊതിക്കത്തിക്കുകയുമാണ് വിശുദ്ധ ഖുർആൻ ചെയ്യുന്നത്. പ്രവാചകന്മാരഖിലവും സമൂഹത്തെ മുഖ്യമായും ബോധ്യപ്പെടുത്താൻ ശ്രമിച്ചത് മൂന്ന് കാര്യങ്ങളാണ്. (ഒന്ന്) സ്രഷ്ടാവായ ദൈവത്തിന്റെ ഏകത്വം. (രണ്ട്) സ്രഷ്ടാവ് പ്രവാചകന്മാർ മുഖേന വെളിപ്പെടുത്തുന്ന സന്ദേശങ്ങൾ. (മൂന്ന്) മനുഷ്യന്റെ മരണാനന്തര ജീവിതം എന്നിവയാണത്. ഇവയെല്ലാം മനുഷ്യന്റെ അനുഭവജ്ഞാനത്തിനപ്പുറമുള്ള വിശ്വാസങ്ങളാണ്. മനുഷ്യന്റെ സ്വന്തമായ പഠനങ്ങൾക്കോ ഗവേഷണങ്ങൾക്കോ വഴങ്ങാത്തവയാണ്. അതുകൊണ്ട് വിശ്വാസകാര്യങ്ങളുടെ സാധുതയെ മനുഷ്യന്റെ അനുഭവജ്ഞാനങ്ങളുടെ അകമ്പടിയോടെ അവതരിപ്പിക്കുന്ന രീതിയാണ് ഖുർആൻ സ്വീകരിച്ചത്.

മനുഷ്യന്റെ ജ്ഞാനവൃത്തത്തിനകത്ത് വരുന്ന പ്രകൃതിയിലെ സൃഷ്ടിസ്ഥിതി സംഹാര വ്യവസ്ഥയിലെ കൗതുകകരമായ അനുഭവസത്യങ്ങൾ സ്രഷ്ടാവിനേയും അവന്റെ ഏകത്വത്തേയും ഉൾക്കൊള്ളാനും മരണാനന്തര പുനർജീവിതത്തെ ബോധ്യപ്പെടാനും മനുഷ്യന് സഹായകമായി തീരുന്നു. അറിയുന്ന കാര്യങ്ങൾ ഉൾക്കൊണ്ട് അറിയാൻ കഴിയാത്ത കാര്യങ്ങളുടെ സാധുതയെ ഉൾകൊള്ളുകയെന്ന ശൈലി ഈ വിഷയത്തിൽ നമുക്ക് ദർശിക്കാനാകും.

വിശ്വാസമെന്ന ലക്ഷ്യത്തെ സാക്ഷാത്കരിക്കുവാൻ മനുഷ്യന് സാധ്യമാകുമാറ് അനേകം ശാസ്ത്രവിജ്ഞാനങ്ങൾ ഖുർആനിൽ പരാമർശവിധേയമായിട്ടുണ്ട്. മഴമേഘങ്ങൾ രൂപപ്പെടുന്നതും അതിൽ നിന്ന് മഴത്തുള്ളികൾ ആവിർഭവിക്കുന്നതും ഈ പ്രക്രിയയിൽ കാറ്റുകൾ വഹിക്കുന്ന പങ്കും ഖുർആൻ സൂക്ഷ്മമായി പരാമർശിക്കുന്നു. സമുദ്രജലത്തിൽ തന്നെ ഉപ്പുവെള്ളവുമായി കലരാതെ വേറിട്ട് നിൽക്കുന്ന ശുദ്ധജലത്തിന്റെ സാന്നിദ്ധ്യത്തെ കുറിച്ചും തേനുൽപാദിപ്പിക്കുന്ന തേനീച്ചകൾക്ക് തേനുൽപാദനത്തിന് സാധ്യമാകുന്നവിധം ക്രമീകരിക്കപ്പെട്ട അതിന്റെ ആന്തരീകഘടനയെ കുറിച്ചും അന്തരീക്ഷത്തിൽ ഉയരങ്ങളിലേക്ക് പോകുന്നതിനനുസരിച്ച് അന്തരീക്ഷ മർദ്ദം കുറയുന്നതിനെ കുറിച്ചും മറ്റും കൃത്യവും സൂക്ഷ്മവുമായ അറിവുകൾ ഖുർആൻ നൽകുന്നുണ്ട്. മനുഷ്യന്റെ ജ്ഞാനേന്ദ്രിയങ്ങൾക്കകത്ത് വരുന്നവയാണീ വിവരങ്ങളെങ്കിലും ഇവയിലൊന്നും മനുഷ്യനോ മറ്റ് സൃഷ്ടികൾക്കോ യാതൊരു പങ്കുമവകാശപ്പെടാനില്ല. സൃഷ്ടി വ്യവസ്ഥയിലെ അറ്റമില്ലാത്ത വിസ്മയങ്ങളുടെ തരംഗങ്ങൾ തന്നെ അവ മനുഷ്യബുദ്ധിയിലുണ്ടാക്കുന്നു.

''നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെയവൻ സൃഷ്ടിക്കുന്നു. മൂന്ന് തരം അന്ധകാരങ്ങൾക്കുള്ളിൽ സൃഷ്ടിയുടെ ഒരു ഘട്ടത്തിന് ശേഷം മറ്റൊരു ഘട്ടമായിക്കൊണ്ട് അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായാ അല്ലാഹു. അവനാണ് ആധിപത്യം. അവനല്ലാതെ യാതൊരാരാധ്യനുമില്ല. എന്നിരിക്കെ നിങ്ങളെങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്'' (സുമർ 6).

ഉദരം, ഗർഭാശയം, ഗർഭാശയത്തിനകത്തെ നേർത്ത ആവരണം എന്നീ മൂന്നിരുട്ടറകൾക്കകത്താണ് മനുഷ്യക്കുഞ്ഞ് വിവിധ ഘട്ടങ്ങൾ തരണം ചെയ്ത് സമ്പൂർണ വളർച്ചയെത്തിയ ശിശുവാകുന്നതും പിന്നീട് പ്രസവിക്കപ്പെടുന്നതും. ഇത്രയും കാര്യങ്ങൾ വസ്തുനിഷ്ഠമായ ശാസ്ത്രീയ അറിവുകളാണ്. മനുഷ്യശരീരത്തെ കുറിച്ചും അതിന്റെ ഭ്രൂണവളർച്ചയെകുറിച്ചുമുള്ള ശാസ്ത്രവിജ്ഞാനങ്ങൾ വികാസം നേടിയ ശേഷമാണ് ഖുർആനിക പ്രയോഗത്തിന്റെ കൃത്യത മനുഷ്യന് ബോധ്യപ്പെട്ടത്. സൃഷ്ടിപ്പിലും അതിന്റെ സാഹചര്യങ്ങളിലും അടങ്ങിയ അനേകം സങ്കീർണാവസ്ഥകളെ കുറിച്ചുള്ള ബോധ്യം സ്രഷ്ടാവിനെയും അവന്റെ ഏകത്വത്തേയും അംഗീകരിക്കുവാനും വിശ്വസിക്കാനും മനുഷ്യനെ പര്യാപത്മാക്കാൻ മതിയായതാണ്. സൃഷ്ടിക്കുകയോ സംവിധാനിക്കുകയോ ചെയ്യാൻ കഴിയാത്ത സൃഷ്ടികളുടെ മുമ്പിൽ ആരാധനാപരമായ വിധേയത്വം പുലർത്തുന്ന ഭൂരിപക്ഷം മനുഷ്യരും സത്യധാരയിൽ നിന്ന് എത്രമാത്രം അകലെയാണ് നിലകൊള്ളുന്നതെന്നുള്ള തിരിച്ചറിവും ഉപരിസൂചിത ഖുർആൻ വാക്യം നൽകുന്നുണ്ട്.

മരണാനന്തരം മനുഷ്യന് എന്ത് സംഭവിക്കുന്നു എന്നറിയാൻ മനുഷ്യന്റെ ബുദ്ധിപരമായ ഒരു സിദ്ധിക്കും സാധ്യമാകില്ല തന്നെ. മനുഷ്യന്റെ അനന്തമായ ജീവിതയാത്രയുടെ ഒരു ഘട്ടം മാത്രമാണ് മരണമെന്നും പിന്നീട് ഉയിർത്തെഴുന്നേൽപ്പും രക്ഷാശിക്ഷകളുമടങ്ങുന്ന അനന്തമായ ഒരു ജീവിതം മനുഷ്യനുണ്ടെന്നതാണ് ഇസ്‌ലാമിക വിശ്വാസങ്ങളുടേയും സംസ്കാരത്തിന്റെയും ഗതിയെത്തന്നെ നിശ്ചയിക്കുന്നത്. പക്ഷേ മനുഷ്യനെ എങ്ങനെ ഇക്കാര്യം ബോധ്യപ്പെടുത്താനാകും?

ആധുനിക മനുഷ്യന്റെ അനുഭവജ്ഞാനത്തിന് വിധേയമായതും എന്നാൽ ഒരു നൂറ്റാണ്ട് മുമ്പ് വരേയുള്ള മനുഷ്യന് തീർത്തും അജ്ഞാതവുമായിരുന്ന ഭ്രൂണശാസ്ത്രത്തിന്റെ വിസ്മയകരമായ വിവരങ്ങളുടെ അകമ്പടിയോടെയാണ് ഖുർആൻ മരണാനന്തര ജീവിതത്തെ വിശദീകരിച്ചത്.

‘‘തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തയിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായൊരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാമൊരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നാം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസംകൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാമവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു. പിന്നീട് തീർച്ചയായും നിങ്ങളതിന് ശേഷം മരിക്കുന്നവരാകുന്നു. പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ തീർച്ചയായും നിങ്ങൾ എഴുന്നേൽപ്പിക്കപ്പെടുന്നതാണ്’’ (മുഅ്മിനൂൻ 14-15).

ജന്മത്തിന്റെ അടിസ്ഥാന കണികയായ ബീജം മനുഷ്യശരീരത്തിൽ രൂപപ്പെടുന്നത് കഴിക്കുന്ന ആഹാരത്തിൽ നിന്നാണ്. ആഹാരം ലഭ്യമാകുന്നത് ചെടികളിൽ നിന്നും. മണ്ണിൽ നിന്ന് ജലവും ലവണങ്ങളും വലിച്ചെടുത്താണ് ചെടികൾ ജീവികൾക്കാവശ്യമായ ആഹാരം നിർമ്മിക്കുന്നത്. മനുഷ്യജന്മം മണ്ണിലേക്ക് മടങ്ങുന്നതങ്ങനെയാണ്. ശരീരത്തിന്റെ ശരിയായ നിലനിൽപ്പിനാവശ്യമായ വസ്തുക്കൾ മണ്ണിൽ നിന്ന് സ്വീകരിച്ച് അവ മനുഷ്യന്റെ ശരീരത്തിന് സ്വാംശീകരിക്കാൻ കഴിയുന്ന പാകത്തിൽ നിർമിച്ചു നൽകുകയാണ് ചെടികളുടെ ധർമം. പ്രത്യുല്പാദനത്തിന്റെ അടിസ്ഥാനങ്ങളായ ബീജവും അണ്ഡവും രൂപപ്പെടുന്നതും ഭക്ഷണത്തിൽ നിന്ന് തന്നെ. ഭക്ഷണമാകട്ടെ മണ്ണിൽ നിന്നും.

ബീജങ്ങൾ സംയോജിച്ച് ഭ്രൂണവും പിന്നീടത് മാംസപിണ്ഡവുമാകുന്നു. അതിൽ നിന്ന് അസ്ഥികൾ രൂപപ്പെടുകയും അസ്ഥികളെ മാംസംകൊണ്ട് പൊതിയുകയും ചെയ്യുന്നു. അപ്രകാരം വിവിധ ഘട്ടങ്ങൾ തരണം ചെയ്താണ് മനുഷ്യക്കുഞ്ഞ് ജന്മം കൊള്ളുന്നത്. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന മനുഷ്യൻ പിന്നീട് മരിക്കുന്നു. മനുഷ്യ ജന്മത്തെക്കുറിച്ചും അതിന്റെ വിവിധ ഘട്ടങ്ങളെ കുറിച്ചും ഖുർആനിന്റെ വിശദീകരണം തെറ്റായിപ്പോയെന്ന് ഒരു ശാസ്ത്രത്തിനും പറയാനാവില്ലെന്ന് മാത്രമല്ല അത് നൂറ് ശതമാനവും കൃത്യവും സൂക്ഷ്മവുമാണെന്ന് ശാസ്ത്രം സമ്മതിക്കുകയാണ് ചെയ്യുന്നത്. എങ്കിൽ അതേ ശൈലിയിൽ അതേ ശക്തി തന്നെയാണ് ‘‘പിന്നീട് ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ തീർച്ചയായും നിങ്ങൾ എഴുന്നേൽപ്പിക്കപ്പെടുന്നതാണ്’’ എന്നും പറയുന്നത്. അവസാനം പറഞ്ഞത് മാത്രം നിഷേധിക്കുവാൻ ബുദ്ധിയും ശാസ്ത്ര ബോധമുള്ളവർക്കെങ്ങനെ കഴിയും? അനുഭവജ്ഞാനമായ ശാസ്ത്രം നൽകുന്ന യുക്തിബോധത്തിലൂടെ ശാസ്ത്രത്തിന്റെ പരിധിക്ക് പുറത്തുള്ള വിശ്വാസ കാര്യങ്ങളെ ഉൾക്കൊള്ളാൻ മനുഷ്യന് സാധ്യമാകുന്നതെങ്ങനെയാണ്. മതം ശാസ്ത്രമല്ലെങ്കിലും ശാസ്ത്രബോധമുള്ളവർക്ക് മതത്തെ ഉൾക്കൊള്ളാനെളുപ്പമാണ്.

‘‘അല്ലാഹുവിന്റെ അടിമകളിൽ അവനെ ഏറ്റവും അധികം ഭയപ്പെടുന്നത് വിവരജ്ഞരാണ്’’ (ഫാത്വിർ 28) എന്ന വചനം എത്ര ശരി!.